


# പൊതു വിഭവ ഒഴുക്ക് പ്രാദേശിക-സാമുദായിക നീതിയിൽ അധിഷ്ഠിതമാകണം

കവർ സ്റ്റോറി / ജോസ് സെബാസ്റ്റ്യൻ



**പൊതുധനകാര്യം, സംരംഭകത്വം, ചെറുകിട വ്യവസായ വികസനം തുടങ്ങിയ മേഖലകളിൽ ദേശീയ-അന്തർദേശീയ ജേണലുകളിൽ നിരവധി പഠനങ്ങൾ പ്രസിദ്ധീകരിച്ച പ്രമുഖ ധനതത്ത്വശാസ്ത്ര വിദഗ്ധനായ ജോസ് സെബാസ്റ്റ്യൻ തിരുവനന്തപുരം സെന്റർ ഫോർ ടാക്സേഷൻ സ്റ്റഡീസ്, ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷൻ, അഹ്മദാബാദ് ഓൺട്രപ്രണർഷിപ്പ് ഡെവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ എന്നിവിടങ്ങളിൽ അധ്യാപകനും ഗവേഷകനുമായി പ്രവർത്തിച്ചിട്ടുണ്ട്. മൗലിക ഗവേഷണ പഠനങ്ങൾ ഉൾക്കൊള്ളുന്ന എട്ടോളം പുസ്തകങ്ങൾ ഇംഗ്ലീഷിലും മലയാളത്തിലുമായി രചിച്ച അദ്ദേഹത്തിന്റെ, 2020 ജൂണിൽ പ്രസിദ്ധീകരിച്ച 'കേരള ധനകാര്യം: ജനപക്ഷത്തുനിന്ന് ഒരു പുനർവായന' എന്ന കൃതിയിലെ 'പൊതു ചെലവുകളുടെ ഒഴുക്ക്: പ്രാദേശികവും സാമുദായികവുമായ ഒരു വീക്ഷണം' എന്ന ഒമ്പതാം അധ്യായത്തിൽനിന്നുള്ളതാണ് ഈ ലേഖനം**

പൊതുചെലവുകളുടെ പ്രയോജനം ഏറിയും കുറഞ്ഞും എല്ലാ പ്രദേശങ്ങൾക്കും സാമൂഹിക വിഭാഗങ്ങൾക്കും ഒരുപോലെ ലഭ്യമാകണമെന്ന കാര്യം പൊതുവെ അംഗീകരിക്കപ്പെട്ടിട്ടുണ്ട്. കാരണം, പൊതുവിഭവങ്ങൾ എല്ലാവരിൽനിന്നും സമാഹരിക്കപ്പെടുന്നതാണല്ലോ.

കേരളത്തിന്റെ മലബാർ, തിരുകൊച്ചി മേഖലകൾ പലതുകൊണ്ടും വ്യതിരിക്തമാണ്. സ്വാതന്ത്ര്യത്തിനു മുമ്പ് മലബാർ ബ്രിട്ടീഷ് പ്രവിശ്യയായ മദ്രാസിന്റെ കീഴിലായിരുന്നു. നേരെമറിച്ച് തിരുവിതാംകൂറും കൊച്ചിയും നാട്ടുരാജ്യങ്ങളായിരുന്നു. സ്വാതന്ത്ര്യം പ്രാപിക്കുമ്പോൾ തിരുവിതാംകൂറും കൊച്ചിയും മലബാറിനേക്കാൾ വികസിതമായിരുന്നു. 2011-ലെ സെൻസസ് പ്രകാരം കേരളത്തിലെ ജനസംഖ്യയിൽ 43.88 ശതമാനം ആറ് മലബാർ ജില്ലകളിലാണ്. എട്ട് തിരുകൊച്ചി ജില്ലകളിലാണ് 56.12 ശതമാനം ജനങ്ങൾ. കേരളത്തിലെ മുസ്‌ലിംകളിൽ 71.87 ശതമാനം മലബാറിലായിരിക്കുമ്പോൾ ക്രിസ്ത്യാനികളിൽ 86.13 ശതമാനം തിരുകൊച്ചിയിലാണ്.

ഹിന്ദുക്കളിൽ 40.42 ശതമാനം മലബാറിലും 59.58 ശതമാനം തിരുകൊച്ചിയിലുമാണ്. കേരളത്തിലെ ഗിരിവർഗക്കാരിൽ 67.83 ശതമാനം മലബാറിലാണ്.

പൊതുവെ പറഞ്ഞാൽ മുസ്ലിംകൾ, കുടിയേറ്റ ക്രിസ്ത്യാനികൾ, ഗിരിവർഗക്കാർ, താഴ്ന്ന ജാതി ഹിന്ദുക്കൾ എന്നതാണ് മലബാറിന്റെ മുഖം. നേരെമറിച്ച് ഉയർന്ന ജാതി ഹിന്ദുക്കളും സവർണ ക്രിസ്ത്യാനികളുമാണ് തിരുകൊച്ചിയുടെ മുഖം.

**പൊതുവിഭവങ്ങളുടെ ഒഴുക്ക്: രീതിശാസ്ത്രപരമായ പ്രശ്നങ്ങൾ**

പൊതുചെലവുകളിൽ മലബാറിലേക്കും തിരുകൊച്ചിയിലേക്കും ഒഴുകുന്നതെത്ര എന്ന് ശാസ്ത്രീയമായി കണ്ടെത്തണമെങ്കിൽ ജില്ല തിരിച്ചുള്ള സ്ഥിതിവിവരക്കണക്കുകൾ വേണം. നിർഭാഗ്യവശാൽ സംസ്ഥാനതലത്തിൽ ലഭ്യമായ ഈ സ്ഥിതിവിവരക്കണക്കുകൾ ജില്ലാടിസ്ഥാനത്തിൽ ലഭ്യമല്ല. വിവരങ്ങൾ ലഭ്യമല്ല എന്ന ഒഴികഴിവ് പറഞ്ഞ് മാറിനിൽക്കുന്നതിൽ അർഥമില്ല. ലഭ്യമായ വിവരങ്ങൾ എന്താണ്? അവയെ എത്രമാത്രം ആശ്രയിക്കാനൊക്കും? അവയുടെ പരിമിതികൾ അംഗീകരിച്ചുകൊണ്ടുതന്നെ ചില നിഗമനങ്ങളിൽ എത്താനൊക്കുമോ? ഈ ദിശയിൽ അന്വേഷിച്ചപ്പോൾ കേരളത്തിലെ ഓരോ ജില്ലയിലേക്കും എത്രമാത്രം പൊതുവിഭവങ്ങൾ ഒഴുകുന്നുണ്ട് എന്നതിന്റെ കണക്ക് ജില്ലാ ട്രഷറികളിൽ ലഭ്യമാണ് എന്ന് അറിയാൻ കഴിഞ്ഞു. ട്രഷറികളിലൂടെയുള്ള വിതരണത്തിന്റെ (Disbursement) കണക്കാണ് ലഭ്യമായിട്ടുള്ളത്. ഈ സ്ഥിതിവിവരക്കണക്കുകൾ ബജറ്റ് രേഖകളുമായി ഒത്തുപോയിക്കൊള്ളണമെന്നില്ല. കാരണം, ബജറ്റ് രേഖകളിൽ പിന്തുടരുന്ന അക്കൗണ്ടിംഗ് രീതിയല്ല ട്രഷറികൾ പിന്തുടരുന്നത്. എങ്കിലും ഒരു രീതിശാസ്ത്രം കൃത്യമായി പിന്തുടരുന്ന ഈ സ്ഥിതിവിവരക്കണക്കുകളെ പൊതുചെലവുകളുടെ പകരക്കാരനായി (Proxy) കാണുന്നതിൽ തെറ്റുണ്ടെന്ന് തോന്നുന്നില്ല.

സംസ്ഥാന ട്രഷറി ഡയറക്ടർക്ക് 2006-'07 മുതൽ 2015-'16 വരെയുള്ള 10 വർഷത്തെ ജില്ല തിരിച്ചുള്ള സ്ഥിതിവിവരക്കണക്കുകൾ ലഭ്യമാക്കാൻ വിവരാവകാശനിയമപ്രകാരം അപേക്ഷ നൽകി. എന്തുകൊണ്ടാണ് ഈ പത്തു വർഷം തെരഞ്ഞെടുത്തത് എന്ന ചോദ്യമുണ്ട്. ഈ പത്തു വർഷത്തിനിടെ ഒരു ഇടതുജനാധിപത്യ മുന്നണി സർക്കാറും ഒരു ഐക്യജനാധിപത്യ മുന്നണി സർക്കാറും കേരളം ഭരിച്ചു. ഏതെങ്കിലും മുന്നണിയോട് പക്ഷപാതം കാണിച്ചു എന്ന വിമർശനം ഉണ്ടാകാതിരിക്കാനാണിത്. ഏകദേശം ഒരു വർഷത്തെ നിരന്തരമായ പരിശ്രമത്തിന്റെ ഫലമായി ഈ സ്ഥിതിവിവരക്കണക്കുകൾ ലഭ്യമായി. ഓരോ ജില്ലയിലെയും മൊത്തം വിതരണം, അതിൽ ശമ്പളം, പെൻഷൻ, മറ്റുള്ളവ എന്ന തരത്തിലാണ് ഈ സ്ഥിതിവിവരക്കണക്കുകൾ ജില്ലാ ട്രഷറികൾ ലഭ്യമാക്കിയത്.

ഇവിടെ ശ്രദ്ധിക്കേണ്ട ഒരു കാര്യം, ജില്ല തിരിച്ചുള്ള പൊതുവിഭവ വിതരണത്തെ ജില്ല തിരിച്ചുള്ള ജനസംഖ്യയുമായി താരതമ്യപ്പെടുത്തുന്നത് യുക്തിസഹമല്ല എന്നതാണ്. കാരണം, കേരളം പോലെ ജനസാന്ദ്രതയുള്ള ഒരു സംസ്ഥാനത്ത് സർക്കാർ ഉദ്യോഗസ്ഥർ ഒരു ജില്ലയിൽനിന്നും അടുത്തുള്ള ജില്ലകളിലേക്ക് യാത്രചെയ്ത് ജോലി ചെയ്യും. കോട്ടയത്തുനിന്നും ചെങ്ങന്നൂരിൽനിന്നും ദിവസേന ട്രെയ്നിൽ തിരുവനന്തപുരത്ത് വന്ന് ജോലി ചെയ്യുന്നവരുടെ ശമ്പളം തിരുവനന്തപുരത്തുള്ള ട്രഷറികളിലൂടെയാവും വിതരണം ചെയ്യപ്പെടുക. അതുപോ

***പട്ടിക 9.1 2006-'07 മുതൽ 2015-'16 വരെ തിരുകൊച്ചിയിലും മലബാറിലും വിതരണം ചെയ്യപ്പെട്ട പൊതു വിഭവങ്ങൾ (ശതമാനം)***

| ജില്ല/മേഖല | മൊത്തം വിതരണം | ശമ്പളം | പെൻഷൻ | ശമ്പളവും പെൻഷനും മൊത്തം | മറ്റുള്ളവ |
|---|---|---|---|---|---|
| തിരുവനന്തപുരം | 32.98 | 29.78 | 18.42 | 27.85 | 36.04 |
| കൊല്ലം | 8.72 | 4.04 | 12.45 | 5.47 | 10.60 |
| പത്തനംതിട്ട | 4.28 | 3.30 | 6.25 | 3.80 | 4.57 |
| ആലപ്പുഴ | 7.71 | 13.91 | 9.65 | 13.19 | 4.65 |
| കോട്ടയം | 2.06 | 2.50 | 5.24 | 2.97 | 1.56 |
| ഇടുക്കി | 1.52 | 1.24 | 2.49 | 1.45 | 1.57 |
| എറണാകുളം | 5.09 | 3.16 | 2.34 | 3.02 | 6.29 |
| തൃശൂർ | 10.76 | 19.52 | 4.85 | 17.03 | 7.27 |
| പാലക്കാട് | 7.67 | 6.51 | 8.70 | 6.88 | 8.15 |
| മലപ്പുറം | 1.00 | 1.58 | 3.33 | 1.88 | 0.51 |
| കോഴിക്കോട് | 2.40 | 3.20 | 9.72 | 4.31 | 1.33 |
| വയനാട് | 2.24 | 1.57 | 1.41 | 1.54 | 2.64 |
| കണ്ണൂർ | 10.61 | 7.36 | 13.31 | 8.37 | 11.43 |
| കാസർകോട് | 2.42 | 2.32 | 1.85 | 2.24 | 3.38 |
| **തിരുകൊച്ചി** | **73.12** | **77.46** | **61.68** | **74.78** | **72.55** |
| **മലബാർ** | **26.88** | **22.54** | **38.32** | **25.22** | **27.44** |

**കേരളത്തിന്റെ വികസനത്തിന്റെ കേന്ദ്ര ബിന്ദുവായി കൊച്ചി മാറിയിരിക്കുകയാണിന്ന്. വരും വർഷങ്ങളിൽ തിരുകൊച്ചിയും മലബാറും തമ്മിലുള്ള അന്തരം പതിന്മടങ്ങ് കണ്ട് വർധിക്കും. ഇത് സംസ്ഥാനത്തിന്റെ ഐക്യത്തെത്തന്നെ ബാധിക്കാനിടയുണ്ട്. ഭാഷാ സംസ്ഥാനങ്ങൾ വിഭജിക്കപ്പെടുന്ന കാഴ്ചയാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്. ആന്ധ്രപ്രദേശിൽ സംഭവിച്ചത് കേരളത്തിൽ സംഭവിക്കുകയില്ലെന്ന് ആരുകണ്ടു? ഐക്യകേരള പ്രസ്ഥാനക്കാരെ ഇതെത്ര കണ്ട് ദുഃഖത്തിലാഴ്ത്തും?**

**പട്ടിക 9.2: പൊതു വിഭവങ്ങളുടെ ഒഴുക്ക് മലബാറിലും തിരുകൊച്ചിയിലും**

| മേഖല | ജനസംഖ്യ (ലക്ഷത്തിൽ) | | | ശമ്പളത്തിലും പെൻഷനിലും ഓഹരി (ശതമാനം) |
|---|---|---|---|---|
| | ക്രിസ്ത്യാനികൾ | മുസ്‌ലിംകൾ | ഹിന്ദുക്കൾ | |
| മലബാർ | 8.52 (13.87) | 63.76 (71.87) | 73.90 (40.42) | 25.22 |
| തിരുകൊച്ചി | 52.89 (85.13) | 24.97 (28.13) | 108.92 (59.58) | 74.78 |
| കേരളം | 61.41 (100.00) | 88.73 (100.00) | 182.82 (100.00) | 100.00 |

കുറിപ്പ്: ഓരോ സമുദായത്തിന്റെയും ജനസംഖ്യയിലുള്ള ശതമാനമാണ് ബ്രാക്കറ്റിൽ കൊടുത്തിട്ടുള്ളത്

ലെ കോഴിക്കോട്ടുനിന്ന് കണ്ണൂരിലും കണ്ണൂരിൽനിന്ന് കോഴിക്കോട്ടും വന്ന് ജോലി ചെയ്യുന്നവർ ഉണ്ട്. ജില്ലകൾ തമ്മിൽ താരതമ്യപ്പെടുത്തുന്നതിൽ അർഥമില്ലെങ്കിലും മേഖലകൾ തമ്മിൽ താരതമ്യപ്പെടുത്തുന്നത് തികച്ചും യുക്തിസഹമാണ്. മൊത്തം പൊതുചെലവിൽ മലബാറിൽ വിതരണം ചെയ്യപ്പെടുന്നത് എത്ര, തിരുകൊച്ചിയിൽ വിതരണം ചെയ്യപ്പെടുന്നത് എത്ര എന്നാണ് ഇവിടെ പരിശോധിക്കുന്നത്. ഇവ തമ്മിൽ കാര്യമായ വ്യത്യാസമുണ്ടെങ്കിൽ അതിന്റെ കാരണം കണ്ടെത്തി വിശദീകരിക്കേണ്ടതുണ്ട്.

പട്ടിക 9.1-ൽനിന്നും മനസ്സിലാക്കാവുന്നതുപോലെ 2006-'07 മുതൽ 2015-'16 വരെയുള്ള പത്തു വർഷത്തിൽ സംസ്ഥാനത്ത് നടന്ന മൊത്തം വിതരണത്തിൽ 73.12 ശതമാനം നടന്നത് തിരുകൊച്ചി മേഖലയിലുള്ള ട്രഷറികളിലൂടെയാണ്. ഇതിൽതന്നെ 33 ശതമാനത്തോളം നടന്നത് തിരുവനന്തപുരത്തെ ട്രഷറികളിലൂടെയാണ്. തിരുവനന്തപുരം തലസ്ഥാന നഗരമാണല്ലോ. എല്ലാ ജില്ലകൾക്കും വേണ്ടിയുള്ള പ്രവർത്തനങ്ങൾ നടക്കുന്ന സ്ഥലം എന്ന നിലയിൽ ഇതിൽ അത്ഭുതത്തിന് അവകാശമില്ല. ശമ്പളത്തിന്റെ കാര്യം വരുമ്പോൾ 77.46 ശതമാനം തിരുകൊച്ചിയിലെ ട്രഷറികളിലൂടെയാണ്. മലബാറിലൂടെ ഒഴുകുന്നത് 22.54 ശതമാനം മാത്രം. പക്ഷേ പെൻഷന്റെ കാര്യത്തിൽ കാര്യമായ വ്യത്യാസമുണ്ട്. മലബാറിന്റെ ഓഹരി 38.32 ശതമാനമായി വർധിക്കുന്നു. ഇതിന്റെ കാരണം വ്യക്തമാണ്. തിരുകൊച്ചി മേഖലയിൽ ജോലി ചെയ്ത ശേഷം മലബാറിലേക്ക് തിരിച്ചുപോകുന്ന സർക്കാർ ഉദ്യോഗസ്ഥർ അവരുടെ പെൻഷൻ വീടിനടുത്തുള്ള ട്രഷറികളിൽനിന്നും സ്വീകരിക്കുന്നതുകൊണ്ടാണിത്. പക്ഷേ ശമ്പളവും പെൻഷനും മൊത്തത്തിൽ എടുക്കുമ്പോൾ 75 ശതമാനത്തോളം വിതരണം ചെയ്യപ്പെടുന്നത് തിരുകൊച്ചി മേഖലയിലാണ് എന്ന കാര്യം ശ്രദ്ധിക്കേണ്ടതുണ്ട്.

**ശമ്പളത്തിന്റെയും പെൻഷന്റെയും പ്രയോജനം ജനസംഖ്യക്ക് ആനുപാതികമല്ലാത്തവിധം തിരുകൊച്ചിയിലെ ഹിന്ദുക്കൾക്കും ക്രിസ്ത്യാനികൾക്കും ലഭിക്കുന്നു എന്നതാണ് പട്ടിക 9.2 കാണിക്കുന്നത്. ജനസംഖ്യയിൽ 44.4 ശതമാനം വരുന്ന മലബാറിലേക്ക് ഒഴുകുന്നതിന്റെ ഏകദേശം മൂന്നിരട്ടിയാണ് ജനസംഖ്യയിൽ 55.6 ശതമാനം വരുന്ന തിരുകൊച്ചിയിലേക്ക് ഒഴുകുന്നത്.**

ഇതുതന്നെ ഭാഗികമായ ഒരു ചിത്രമേ നൽകുന്നുള്ളൂ. ട്രഷറി വഴിയുള്ള ശമ്പള-പെൻഷൻ വിതരണത്തിൽ സർവകലാശാലകൾ പോലുള്ള സ്വയംഭരണ സ്ഥാപനങ്ങൾ പെടുന്നില്ല. അവക്ക് നൽകുന്ന ഗ്രാന്റ് മൊത്തം വിതരണത്തിന്റെ ഭാഗമാണ്. കേരള സർക്കാറിന്റെ ഗ്രാന്റ് വാങ്ങുന്ന 14 സർവകലാശാലകൾ ഉണ്ട്. അതിൽ നാലെണ്ണം മാത്രമേ മലബാറിൽ ഉള്ളൂ. സർക്കാർ ഗ്രാന്റ് ലഭിക്കുന്ന 115 സ്വയംഭരണ സ്ഥാപനങ്ങളിൽ/ഏജൻസികളിൽ/അതോറിറ്റികളിൽ ഒമ്പത് എണ്ണം മാത്രമേ മലബാറിൽ ഉള്ളൂ. സർവകലാശാലകൾ അടക്കമുള്ള സ്വയംഭരണ സ്ഥാപനങ്ങളിൽ കൂടി വിതരണം ചെയ്യപ്പെടുന്ന ശമ്പളവും പെൻഷനും കൂടി എടുത്താൽ ഒരുപക്ഷേ മൊത്തം ശമ്പള-പെൻഷൻ വിതരണത്തിന്റെ 80 ശതമാനവും തിരുകൊച്ചിയിൽ ആയിക്കൂടെന്നില്ല.

### സാമുദായിക മാനം

പൊതു ചെലവിന്റെ ഒഴുക്കിന്റെ പ്രാദേശിക മാനത്തിന് ഒരു സാമുദായിക മാനം കൂടിയുണ്ട്. പട്ടിക 9.2-ൽ വിശദാംശങ്ങൾ നൽകിയിട്ടുണ്ട്.

ശമ്പളത്തിന്റെയും പെൻഷന്റെയും പ്രയോജനം ജനസംഖ്യക്ക് ആനുപാതികമല്ലാത്തവിധം തിരുകൊച്ചിയിലെ ഹിന്ദുക്കൾക്കും ക്രിസ്ത്യാനികൾക്കും ലഭിക്കുന്നു എന്നതാണ് പട്ടിക 9.2 കാണിക്കുന്നത്. ജനസംഖ്യയിൽ 44.4 ശതമാനം വരുന്ന മലബാറിലേക്ക് ഒഴുകുന്നതിന്റെ ഏകദേശം മൂന്നിരട്ടിയാണ് ജനസംഖ്യയിൽ 55.6 ശതമാനം വരുന്ന തിരുകൊച്ചിയിലേക്ക് ഒഴുകുന്നത്.

### എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പങ്ക്

മലബാറും തിരുകൊച്ചിയും തമ്മിലുള്ള ഈ വ്യത്യാസത്തെ എങ്ങനെയാണ് മനസ്സിലാക്കേണ്ടത്? മലബാർ ജില്ലകളുടെ പൊതുവെയുള്ള

**പട്ടിക 9.3: കേരളത്തിലെ എയ്ഡഡ് കോളേജുകളിലെ അധ്യാപകരുടെ സാമുദായിക പശ്ചാത്തലം**

| ഉടമസ്ഥ സമുദായം | സാമ്പിൾ കോളേജുകളുടെ എണ്ണം | മൊത്തം അധ്യാപകർ | ഹിന്ദു | മുസ്‌ലിം | ക്രിസ്ത്യൻ |
|---|---|---|---|---|---|
| ഹിന്ദു | 6 | 196 | 191 (97.45) | ഇല്ല | 5 (2.55) |
| മുസ്‌ലിം | 4 | 109 | 27 (24.77) | 72 (66.06) | 10 (9.17) |
| ക്രിസ്ത്യൻ | 10 | 436 | 57 (13.07) | 2 (0.46) | 377 (89.47) |

കുറിപ്പ്: ബ്രാക്കറ്റിലുള്ളത് മൊത്തം അധ്യാപകരിലെ ശതമാനമാണ്

പട്ടിക 9.4: എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്ക് ഒഴുകുന്ന പൊതു വിഭവങ്ങൾ (കോടി രൂപയിൽ)

| വർഷം | ശമ്പളം | പെൻഷൻ | ശമ്പളവും പെൻഷനും മൊത്തം | സംസ്ഥാനത്തിന്റെ മൊത്തം ശമ്പള-പെൻഷൻ ചെലവിലെ ശതമാനം |
|---|---|---|---|---|
| 2000-01 | 1431.49 | 614.93 | 2046.42 | 31.87 |
| 2005-06 | 1886.37 | 962.50 | 2848.87 | 33.64 |
| 2010-11 | 3555.19 | 1852.52 | 5407.71 | 32.12 |
| 2017-18 | 9646.32 | 6027.38 | 15673.70 | 30.23 |

കുറിപ്പ്: മൊത്തം ശമ്പളത്തിൽ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഓഹരി മൊത്തം പെൻഷനിൽ ആരോപിച്ചാണ് എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് പോകുന്ന പെൻഷൻ കണക്കു കൂട്ടിയിരിക്കുന്നത്. **അവലംബം:** പരാമൃഷ്ട വർഷങ്ങളിലെ ബജറ്റ് ഇൻ ബ്രീഫ്, ധനകാര്യ വകുപ്പ്, കേരള സർക്കാർ.

പിന്നാക്കാവസ്ഥയും വിശിഷ്യാ വിദ്യാഭ്യാസത്തിലുള്ള പിന്നാക്കാവസ്ഥയുമാണ് ഈ അന്തരത്തിനു പിന്നിലുള്ള ഒരു കാരണം. ഇക്കാരണം കൊണ്ട് സർക്കാർ സർവീസിലുള്ള മലബാറുകാരുടെ എണ്ണം കുറവാണ്. ശമ്പളത്തിൽ മലബാറും തിരുകൊച്ചിയും തമ്മിലുള്ള വ്യത്യാസം പെൻഷനിൽ പ്രതിഫലിക്കുന്നില്ല എന്നതുതന്നെ ഇതിന് തെളിവാണ്. തിരുകൊച്ചിയിൽ ജോലി ചെയ്യുന്ന മലബാറുകാർ റിട്ടയർമെന്റിനു ശേഷം തിരികെ പോവുകയും അവരവരുടെ വീടിന് സമീപത്തുള്ള ട്രഷറികളിൽനിന്നും പെൻഷൻ വാങ്ങുകയും ചെയ്യുന്നു.

പക്ഷേ പ്രധാന കാരണം എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്ക് ഒഴുകുന്ന ശമ്പളവും പെൻഷനുമാണ്. എയ്ഡഡ് സ്ഥാപനങ്ങളുടെ ആധിക്യം കേരളത്തിന്റെ ഒരു പ്രത്യേകതയാണ്. 1959-ലെ കേരള വിദ്യാഭ്യാസ ചട്ടങ്ങൾ പ്രകാരം എയ്ഡഡ് സ്കൂളുകളിൽ നിശ്ചിത വിദ്യാഭ്യാസ യോഗ്യതയുള്ളവരിൽനിന്നും നിയമനം നടത്താനുള്ള പൂർണ അധികാരം മാനേജ്മെന്റിനാണ്. ഈ മേഖലയിൽ

**പട്ടിക 9.5: എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ മേഖലാടിസ്ഥാനത്തിലും സാമുദായികാടിസ്ഥാനത്തിലുള്ള ഉടമസ്ഥത**

| സമുദായം | തിരുകൊച്ചി | | മലബാർ | | കേരളം | |
|---|---|---|---|---|---|---|
| | സ്കൂളുകൾ എണ്ണം | കോളേജുകൾ എണ്ണം | സ്കൂളുകൾ എണ്ണം | കോളേജുകൾ എണ്ണം | സ്കൂളുകൾ എണ്ണം | കോളേജുകൾ എണ്ണം |
| ക്രിസ്ത്യാനികൾ | 2,209 (30.94) | 84 (41.17) | 387 (5.42) | 11 (5.39) | 2,596 (36.36) | 95 (46.57) |
| മുസ്‌ലിംകൾ | 210 (2.94) | 9 (4.41) | 1,174 (16.44) | 29 (14.22) | 1,384 (19.38) | 38 (18.36) |
| ഹിന്ദുക്കൾ | 1,091 (15.28) | 48 (23.53) | 1,866 (26.13) | 15 (7.35) | 2,957 (41.41) | 63 (30.88) |
| മറ്റുള്ളവ | 126 (1.76) | 11 (0.49) | 77 (1.08) | 7 (3.43) | 203 (2.84) | 8 (3.92) |
| മൊത്തം | 3,636 (50.92) | 142 (69.61) | 3,504 (49.08) | 62 (30.39) | 7,140 (100.00) | 204 (100.00) |

കുറിപ്പ്: 1. ബ്രാക്കറ്റിലുള്ളത് മൊത്തം എയ്ഡഡ് സ്കൂളുകളിലും കോളേജുകളിലും ഓരോ സമുദായത്തിനുമുള്ള ഓഹരിയാണ്.
2. എയ്ഡഡ് കോളേജുകളിൽ ആർട്സ് ആന്റ് സയൻസ്, എഞ്ചിനീയറിംഗ്, പോളിടെക്നിക്ക്, ഹോമിയോ, ആയുർവേദ കോളേജുകൾ ഉൾപ്പെടുന്നു.
3. 'മറ്റുള്ളവ' എന്നാൽ എല്ലാ മതത്തിലും പെടുന്ന അംഗങ്ങൾ ഉൾപ്പെടുന്ന സഹകരണ സംഘങ്ങളും ട്രസ്റ്റുകളും നടത്തുന്ന സ്ഥാപനങ്ങളാണ്.
**അവലംബം:** വിവരാവകാശനിയമപ്രകാരം ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും ശേഖരിച്ചത്.

വർഷങ്ങളായി നടന്നുവരുന്ന തട്ടിപ്പിനെക്കുറിച്ച് വേറൊരിടത്ത് വിശദമായി ചർച്ച ചെയ്യുന്നുണ്ട്. 1972 മുതൽ എയ്ഡഡ് കോളേജുകളിലെ അധ്യാപക-അനധ്യാപക ജീവനക്കാരുടെ ശമ്പളം സർക്കാർ കോളേജുകളിലെപ്പോലെ ഖജനാവിൽനിന്നും നേരിട്ട് നൽകി തുടങ്ങി. 50 ശതമാനം തസ്തികകളിൽ മെറിറ്റടിസ്ഥാനത്തിൽ നിയമനം വേണം എന്നൊക്കെ ചട്ടങ്ങളുണ്ടെങ്കിലും ഫലത്തിൽ മുഴുവൻ തസ്തികകളിലേക്കും മാനേജ്മെന്റുകൾ നിയമനം നടത്തും. ഇതിന് ഏറ്റവും വലിയ തെളിവ് എയ്ഡഡ് കോളേജുകളിലെ അധ്യാപകരുടെ സാമുദായിക പശ്ചാത്തലമാണ്. ഏത് സമുദായത്തിന്റെ കോളേജ് എടുത്താലും അധ്യാപകരിൽ ബഹുഭൂരിപക്ഷവും കോളേജിന്റെ ഉടമസ്ഥരായ സമുദായത്തിൽനിന്നായിരിക്കും. കേരളത്തിലെ എയ്ഡഡ് കോളേജുകളിൽ 10 ശതമാനം എടുത്ത് ഒരു സാമ്പിൾ പഠനം ഈ ഗ്രന്ഥകാരൻ നടത്തിയതിന്റെ കണ്ടെത്തലുകളാണ് പട്ടിക 9.3-ൽ കൊടുത്തിട്ടുള്ളത്.

പട്ടിക 9.3 സൂചിപ്പിക്കുന്നത് ഹിന്ദുക്കളുടെയും മുസ്‌ലിംകളുടെയും കോളേജുകളെ അപേക്ഷിച്ച് ക്രിസ്ത്യാനികളുടെ കോളേജുകളാണ് അധ്യാപകരുടെ എണ്ണത്തിൽ വലുത് എന്നാണ്. എല്ലാവരുടെ കോളേജുകളിലും സ്വന്തക്കാരാണ് കൂടുതൽ. തമ്മിൽ ഭേദം മുസ്‌ലിംകളുടെ കോളേജുകളാണ്. അവിടെ കുറേയെങ്കിലും ഹിന്ദുക്കളും ക്രിസ്ത്യാനികളും ഉള്ളത് മുസ്‌ലിംകളുടെ ഇടയിലെ വിദ്യാഭ്യാസ പിന്നാക്കാവസ്ഥ മൂലം ആകാനാണ് സാധ്യത.

എയ്ഡഡ് സ്ഥാപനങ്ങൾ വളരെ കുറച്ചേ ഉണ്ടായിരുന്നുള്ളൂവെങ്കിൽ ശമ്പളത്തിലും പെൻഷനിലുമുള്ള ഈ അന്തരം അത്ര വലിയ പ്രശ്നമാവുകയില്ലായിരുന്നു. എന്നാൽ സ്ഥിതി അതല്ല. പട്ടിക 9.4-ൽ എയ്ഡഡ് സ്ഥാപനങ്ങളിലേക്ക് ശമ്പളമായും പെൻഷനായും ഒഴുകുന്ന പൊതുവിഭവങ്ങളുടെ കണക്ക് നൽകിയിട്ടുണ്ട്.

ഇതിനർഥം കൂടുതൽ വിദ്യാഭ്യാസ സ്ഥാപനങ്ങളും കൂടുതൽ കോഴ്സുകളും നടത്തുന്ന സമുദായങ്ങൾക്ക് ശമ്പളത്തിന്റെയും പെൻഷന്റെയും കൂടുതൽ ഓഹരി പിടിച്ചുപറ്റാമെന്നാണ്. തിരുകൊച്ചിയിലെയും മലബാറി

ലെയും എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളെക്കുറിച്ചുള്ള വിശദാംശങ്ങൾ പട്ടിക 9.5-ൽ കൊടുത്തിരിക്കുന്നു.

പട്ടിക 9.5 സൂചിപ്പിക്കുന്നത് എയ്ഡഡ് സ്കൂളുകളുടെ കാര്യത്തിൽ മലബാറും തിരുകൊച്ചിയും തമ്മിൽ എടുത്തുപറയത്തക്ക വ്യത്യാസമില്ല എന്നാണ്. പക്ഷേ എയ്ഡഡ് കോളേജുകളുടെ കാര്യം വരുമ്പോൾ അമ്പരപ്പിക്കുന്ന വ്യത്യാസമാണ്. മൊത്തം എയ്ഡഡ് കോളേജുകളിൽ 69.61 ശതമാനവും തിരുകൊച്ചിയിലാണ്. ഇതിൽ ഭൂരിപക്ഷവും ക്രിസ്ത്യൻ സമുദായത്തിന്റേതാണ്. എയ്ഡഡ് കോളേജുകളിലെ യു.ജി.സി നിരക്കിലുള്ള ശമ്പളവും പെൻഷനും തിരുകൊച്ചി മേഖലയിലെ സവർണ സമുദായങ്ങളിലേക്ക് പൊതുവിഭവങ്ങൾ കുത്തിയൊലിച്ചൊഴുകാൻ കാരണമാകുന്നുണ്ട്.

സവർണ സമുദായങ്ങൾ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ക്രിസ്ത്യാനികളെയും ഹിന്ദുക്കളെയും ആണ് എന്ന് തെറ്റിദ്ധരിക്കരുത്. കാരണം, മുസ്‌ലിംകളിൽനിന്നും വ്യത്യസ്തമായി ക്രിസ്ത്യാനികളും ഹിന്ദുക്കളും ഏകജാതീയമല്ല (Homogeneous). ക്രിസ്ത്യാനികളുടെ ഇടയിൽ എണ്ണത്തിലും സാമ്പത്തിക ശേഷിയിലും മുന്നിൽ നിൽക്കുന്ന വിഭാഗം സുറിയാനി ക്രിസ്ത്യാനികളാണ്. എയ്ഡഡ് സ്ഥാപനങ്ങളിൽ ബഹുഭൂരിപക്ഷവും സുറിയാനി ക്രിസ്ത്യാനികളുടേതാണ്. ഹിന്ദുക്കളുടെ ഇടയിൽ സവർണ വിഭാഗമായ നായന്മാർക്കും പിന്നാക്കക്കാരായ ഈഴവർക്കുമാണ് കൂടുതൽ എയ്ഡഡ് സ്ഥാപനങ്ങൾ ഉള്ളത്. മറ്റു ഹിന്ദു വിഭാഗങ്ങൾക്ക് വിരലിലെണ്ണാവുന്ന എയ്ഡഡ് സ്ഥാപനങ്ങളേയുള്ളൂ.

### പെൻഷന്റെ ഒഴുക്ക്: സമുദായങ്ങൾ തമ്മിലുള്ള താരതമ്യം


കൂടുതൽ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളുള്ള സമുദായങ്ങൾക്ക് കൂടുതൽ പൊതുവിഭവങ്ങൾ കൈപ്പിടിയിലൊതുക്കാൻ കഴിയുന്നു എന്ന് നാം കണ്ടുകഴിഞ്ഞു. മലബാറും തിരുകൊച്ചിയും തമ്മിലുള്ള വിടവിന് പ്രധാന കാരണവും ഇതുതന്നെ. ഇക്കാര്യത്തിൽ കുറേക്കൂടി കണിശത വരുത്താൻ ശമ്പളത്തിന്റെയും പെൻഷന്റെയും സമുദായാടിസ്ഥാനത്തിലുള്ള

**പട്ടിക 9.6: 40000 രൂപക്കു മേൽ പെൻഷൻ വാങ്ങുന്നവരുടെ സമുദായാടിസ്ഥാനത്തിലുള്ള എണ്ണം**

| പെൻഷൻ തുക (രൂപ) | ഹിന്ദു | ശതമാനം | ക്രിസ്ത്യൻ | ശതമാനം | മുസ്‌ലിം | ശതമാനം | മൊത്തം |
|---|---|---|---|---|---|---|---|
| 40,000-50,000 | 5175 | 63.92 | 2189 | 27.04 | 732 | 9.04 | 8096 |
| 50,000-60.000 | 5630 | 58.68 | 3276 | 34.14 | 689 | 7.18 | 9595 |
| 60,000-70,000 | 2164 | 54.30 | 1502 | 37.69 | 319 | 8.01 | 3985 |
| 70,000-80,000 | 520 | 63.88 | 234 | 28.75 | 60 | 7.37 | 814 |
| 80,000-90,000 | 68 | 72.34 | 17 | 18.09 | 9 | 9.57 | 94 |
| 90,000-1,00,000 | 23 | 74.19 | 5 | 16.12 | 3 | 9.68 | 31 |
| 1 ലക്ഷം-1.10 ലക്ഷം | 16 | 69.57 | 3 | 13.04 | 4 | 17.39 | 23 |
| 1.10 ലക്ഷം-1.20 ലക്ഷം | 2 | 50.00 | 2 | 50.00 | - | - | 4 |
| 1.20 ലക്ഷം-1.30 ലക്ഷം | 1 | 50.00 | - | - | 1 | 50.00 | 2 |
| 1.30 ലക്ഷത്തിനുമേൽ | 1 | 100.00 | - | - | - | - | 1 |
| മൊത്തം | 13,600 | 60.06 | 7,228 | 31.92 | 1,817 | 8.02 | 22,645 |

ഓഹരിയുടെ കണക്ക് വേണം. ഇതിനുവേണ്ടി വിവരാവകാശനിയമപ്രകാരം ധനകാര്യ വകുപ്പിനും ട്രഷറി വകുപ്പിനും അപേക്ഷ നൽകി. ധനകാര്യ വകുപ്പ് അത്തരം രേഖ ലഭ്യമല്ല എന്ന മറുപടി നൽകി. സർക്കാറിന്റെ 'സ്പാർക്ക്' എന്ന സോഫ്റ്റ്‌വെയറിൽ ലഭ്യമാണ് എന്ന് അവരെ ബോധ്യപ്പെടുത്തിയപ്പോൾ നൽകാനാവില്ല എന്ന മറുപടിയാണ് ലഭിച്ചത്. വിവരാവകാശനിയമത്തിന്റെ പരിധിയിൽ വരില്ല പോലും! ട്രഷറി വകുപ്പിൽ 40,000 രൂപക്കു മേൽ പെൻഷൻ വാങ്ങുന്നവരുടെ പേരുകൾ ആവശ്യപ്പെട്ട് നൽകിയ അപേക്ഷക്ക് ഫലമുണ്ടായി. 22,645 പേരുടെ ലിസ്റ്റ് അവർ ലഭ്യമാക്കി.


ഈ ലിസ്റ്റിൽ പേര് മാത്രമേയുള്ളൂ, മതമോ വിലാസമോ ഇല്ല. പേരിൽനിന്ന് മതം തിരിച്ചറിയുക എന്നത് മുസ്‌ലിംകളുടെ കാര്യത്തിൽ 99 ശതമാനവും സാധ്യമാണ്. പക്ഷേ ക്രിസ്ത്യാനികളുടെയും ഹിന്ദുക്കളുടെയും കാര്യത്തിൽ അങ്ങേയറ്റം ബുദ്ധിമുട്ടാണ്. ലീല, ജയ, ബേബി, ബീന, മോഹൻ,



ബാബു എന്നിങ്ങനെ നിരവധി നാമധാരികളിൽ ക്രിസ്ത്യാനിയാണോ ഹിന്ദുവാണോ എന്ന് തിരിച്ചറിയാൻ പറ്റാത്ത നൂറുകണക്കിന് പെൻഷൻകാരുണ്ട്. ഇവരുടെ കാര്യത്തിൽ ക്രിസ്ത്യാനിയാണെന്ന് തെളിവില്ലാത്ത പേരുകളൊക്കെ ഹിന്ദു എന്ന് സങ്കൽപിച്ചാണ് പട്ടിക 9.6-ൽ ഉള്ള കണക്ക് തയാറാക്കിയിരിക്കുന്നത്. എന്നു പറഞ്ഞാൽ നിഷ്കൃഷ്ടമായ ഒരു പരിശോധനയിൽ ക്രിസ്ത്യാനികളുടെ ശതമാനം ഒരുപക്ഷേ അര ശതമാനം മുതൽ ഒരു ശതമാനം വരെ കൂടാം.

പട്ടിക വളരെ വ്യക്തമായി എടുത്തുകാട്ടുന്ന ഒരു കാര്യം മുസ്‌ലിംകളുടെ കുറഞ്ഞ ശതമാനമാണ്. 2011-ലെ സെൻസസ് പ്രകാരം കേരള ജനസംഖ്യയിൽ 26.56 ശതമാനം മുസ്‌ലിംകളാണ്. പക്ഷേ പെൻഷനിലുള്ള ഓഹരി 8.02 ശതമാനം മാത്രം. ചരിത്രപരമായ കാരണങ്ങളാൽ വിദ്യാഭ്യാസപരമായി പിന്നാക്കം പോയ അവർക്ക് പൊതുവിഭവങ്ങളിലുള്ള പങ്ക് വർഷങ്ങളോളം കുറഞ്ഞുതന്നെയേ ഇരിക്കൂ. നേരെമറിച്ച് ക്രിസ്ത്യാനികളുടെ ജനസംഖ്യയിലെ ശതമാനം 18.4 ശതമാനമാണെങ്കിലും മൊത്തം പെൻഷന്റെ 31.92 ശതമാനം കൈപ്പിടിയിലാക്കാൻ കഴിയുന്നു. 50,000 മുതൽ 60,000 രൂപ വരെ പെൻഷൻ വാങ്ങുന്നവരുടെ കാര്യത്തിൽ 34.14 ശതമാനം ക്രിസ്ത്യാനികളാണ്. ഇത് 37.69 ശതമാനമാണ് 60,000 മുതൽ 70,000 രൂപ വരെ പെൻഷൻ വാങ്ങുന്നവരുടെ കാര്യത്തിൽ. ജനസംഖ്യയിൽ 54.72 ശതമാനം വരുന്ന ഹിന്ദുക്കളുടെ കാര്യത്തിൽ 60.06 ശതമാനമാണ് ഉയർന്ന പെൻഷനുള്ളവരുടെ ശതമാനം.

എല്ലാം കൊണ്ടും നേട്ടമുള്ളത് ക്രിസ്ത്യാനികൾക്കാണ്. വർഷങ്ങളോളം ഈ നേട്ടം അവർക്ക് ലഭിച്ചുകൊണ്ടിരിക്കുകയും ചെയ്യും. 40,000-നു മേൽ പെൻഷൻ വാങ്ങുന്നവരുടെ കാര്യമല്ലേ ഇതെന്നുള്ള ചോദ്യം ഉണ്ട്. ശമ്പളക്കാരുടെയും പെൻഷൻകാരുടെയും മുഴുവൻ കണക്ക് പരിശോധിച്ചാലും സംഗതി ഏറക്കുറെ ഇതൊക്കെ തന്നെയായിരിക്കും.



● ഡോ. തോമസ് ഐസക്

**കേരള സർക്കാറിന്റെ ഗ്രാന്റ് വാങ്ങുന്ന 14 സർവകലാശാലകൾ ഉണ്ട്. അതിൽ നാലെണ്ണം മാത്രമേ മലബാറിൽ ഉള്ളൂ. സർക്കാർ ഗ്രാന്റ് ലഭിക്കുന്ന 115 സ്വയംഭരണ സ്ഥാപനങ്ങളിൽ/ഏജൻസികളിൽ/അതോറിറ്റികളിൽ ഒമ്പത് എണ്ണം മാത്രമേ മലബാറിൽ ഉള്ളൂ. സർവകലാശാലകൾ അടക്കമുള്ള സ്വയംഭരണ സ്ഥാപനങ്ങളിൽ കൂടി വിതരണം ചെയ്യപ്പെടുന്ന ശമ്പളവും പെൻഷനും കൂടി എടുത്താൽ ഒരുപക്ഷേ മൊത്തം ശമ്പള-പെൻഷൻ വിതരണത്തിന്റെ 80 ശതമാനവും തിരുകൊച്ചിയിൽ ആയിക്കൂടെന്നില്ല.**

**ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ**

തിരുകൊച്ചിയെ അപേക്ഷിച്ച് മലബാറിൽനിന്ന് കുറച്ച് പൊതുവിഭവങ്ങളേ സമാഹരിക്കാനാകുന്നുള്ളൂ എന്നും ഇതിനു കാരണം മദ്യത്തിലും ഭാഗ്യക്കുറിയിലും അമിതമായി ആശ്രയിക്കുന്ന സംസ്ഥാനത്തിന്റെ വരുമാനഘടനയാണെന്നും മനസ്സിലാക്കാം. പക്ഷേ ഈ അസന്തുലിതാവസ്ഥയേക്കാൾ എത്രയോ കൂടുതലാണ് പൊതുചെലവുകളിലെ അസന്തുലിതാവസ്ഥ. ഭാഷാ സംസ്ഥാനങ്ങളുടെ രൂപീകരണത്തിനു മുമ്പ് മദ്രാസ് സംസ്ഥാനത്തിന്റെ കീഴിലായിരുന്ന മലബാർ തിരുകൊച്ചിയെ അപേക്ഷിച്ച് വളരെ പിന്നിലായിരുന്നു. കേരള സംസ്ഥാന രൂപീകരണത്തിനു ശേഷം മലബാറിന്റെ പിന്നാക്കാവസ്ഥ വളരെയധികം പരിഹരിക്കപ്പെട്ടു. എങ്കിൽ പോലും മലബാറും തിരുകൊച്ചിയും തമ്മിൽ മിക്ക വികസന സൂചികകളിലും അന്തരം നിലനിന്നിരുന്നു.

ഈ ഗ്രന്ഥകാരൻ നടത്തിയ പഠനത്തിൽ കണ്ടത് 1980-കൾക്കു ശേഷം മലബാറും തിരുകൊച്ചിയും തമ്മിലുള്ള വിടവ് ഭയങ്കരമാംവിധം വർധിച്ചുവെന്നാണ് (ഞാൻ *മാതൃഭൂമി* ദിനപത്രത്തിൽ എഴുതിയ 'വികസനവും രാഷ്ട്രീയവും: പ്രാദേശികാസമത്വം കൂടുന്നു' (ജൂലൈ 2, 2012), 'മലബാറിന്റെ വികസനം: മാറേണ്ടത് രാഷ്ട്രീയാന്തരരീക്ഷം' (ജൂലൈ 3, 2012), 'തിരുകൊച്ചിയുടെ കുതിപ്പും മലബാറിന്റെ കിതപ്പും' (ജൂലൈ 27, 2012) എന്നീ ലേഖനങ്ങൾ കേരളത്തിലെ സി.പി.എമ്മുകാരെ കുറച്ചൊന്നുമല്ല അലോസരപ്പെടുത്തിയത്. ഡോ. തോമസ് ഐസക്കിന്റെ 'വിരുദ്ധന്മാരുടെ രണ്ടാം വരവ്' (ചിന്ത പബ്ലിഷേഴ്സ്, 2012) എന്ന പുസ്തകത്തിലെ മൂന്നും നാലും അധ്യായങ്ങൾ ഈ ലേഖനങ്ങളിലെ വാദങ്ങൾ ഖണ്ഡിക്കാനുള്ള പരിശ്രമമാണ്). ഗൾഫ് പണത്തിന്റെ ഒഴുക്ക് ഒരു പരിധിവരെ ഇതിനെ മൂടിവെക്കുന്നുണ്ട്. ഗൾഫ് കുടിയേറ്റക്കാരുടെ മടങ്ങിവരവ് ഇതിനെ കൂടുതൽ രൂക്ഷമാക്കാനാണ് സാധ്യത.

കേരളത്തിന്റെ വികസനത്തിന്റെ കേന്ദ്ര ബിന്ദുവായി കൊച്ചി മാറിയിരിക്കുകയാണിന്ന്. വരും വർഷങ്ങളിൽ തിരുകൊച്ചിയും മലബാറും തമ്മിലുള്ള അന്തരം പതിന്മടങ്ങ് കണ്ട് വർധിക്കും. ഇത് സംസ്ഥാനത്തിന്റെ ഐക്യത്തെത്തന്നെ ബാധിക്കാനിടയുണ്ട്. ഭാഷാ സംസ്ഥാനങ്ങൾ വിഭജിക്കപ്പെടുന്ന കാഴ്ചയാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്. ആന്ധ്രപ്രദേശിൽ സംഭവിച്ചത് കേരളത്തിൽ സംഭവിക്കുകയില്ലെന്ന് ആരുകണ്ടു? ഐക്യകേരള പ്രസ്ഥാനക്കാരെ ഇതെത്ര കണ്ട് ദുഃഖത്തിലാഴ്ത്തും?

മലബാറിലേക്ക് കൂടുതൽ പൊതുവിഭവങ്ങൾ ഒഴുകിയെത്തത്തക്കവിധം ധനകാര്യം സമൂലം അഴിച്ചുപണിയുകയാണ് ഇതിനുള്ള പരിഹാരം. മലബാറിൽനിന്നും കൂടുതൽ പൊതുവിഭവങ്ങൾ സമാഹരിക്കാനുള്ള ഒരു ഉപാധി കൂടിയാണ് കൂടുതൽ പൊതുവിഭവങ്ങൾ അവിടെ ചെലവിടുന്നത്. ഇത് മലബാർ പ്രദേശങ്ങളിലെ സാമ്പത്തിക പ്രവർത്തനങ്ങളെ ത്വരിതഗതിയിലാക്കി കൂടുതൽ പൊതുവിഭവങ്ങൾ സമാഹരിക്കാൻ സഹായിക്കും. ●